# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 433 | 28.02.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>,, വി.പി.സജീന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി (ജി.എസ്.ടി) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ ; | (എ) | തീരക്കടലിൽ നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരണമെന്ന നിർദ്ദേശം ഉണ്ടായി. കൂടാതെ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റു വരവുള്ള ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയെ ചരക്ക് സേവന നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ ; | (ബി) | ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയതിന് ശേഷമുള്ള ആദ്യത്തെ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജി.എസ്.ടി.യിൽ ഒരു പങ്ക് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അവകാശം ഉറപ്പുവരുത്തിയിട്ടുണ്ടോ ; | (സി) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ആയിരിക്കും. ജി.എസ്.ടി കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന - യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. കേന്ദ്ര ധനകാര്യ മന്ത്രിക്ക് 1/3 വോട്ടിംഗ് വെയിറ്റേജും, ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടി വന്നാൽ പാസ്സാകുന്നത് 3/4 വോട്ടിംഗ് വെയിറ്റേജിൽ ആണ്. |
| (ഡി) | ജി.എസ്.ടി നടപ്പിലാക്കാൻ എന്തെങ്കിലും നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) | ജി.എസ്.ടി നടപ്പിലാക്കാൻ സംസ്ഥാനങ്ങൾ SGST നിയമവും കേന്ദ്രം CGST, IGST നിയമങ്ങളും പാസ്സാക്കേണ്ടതുണ്ട്. SGST കരട് നിയമം GST Council അംഗീകരിച്ചാലുടനെ സംസ്ഥാന നിയമം പാസ്സാക്കുന്നതാണ്. CGST, IGST നിയമം പാർലമെന്റും പാസ്സാക്കേണ്ടതുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**